**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ സ്വകാര്യവല്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണം സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുമേഖലയെ ആകെ ഗ്രസിച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, വിശദമാക്കാം<br><br>കേന്ദ്ര സർക്കാർ നടപ്പിലാക്കുന സ്വകാര്യവൽക്കരണം സഹകരണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സഹകരണ മേഖല പരമ്പരാഗതമായി ആധിപത്യ പുലർത്തിയിരുന്ന കൃഷി, ക്ഷീരം, കൈത്തറി ബാങ്കിംഗ് എന്നീ രംഗങ്ങളിൽ സഹകരണ മേഖലയുടെ പങ്ക് വളരെയധികം കുറയാന കാരണമായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനാൽ സഹകരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കിയാൽ മാത്രമേ സ്വകാര്യ മേഖലയോടൊപ്പം പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ.<br><br>സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയം മൂല സ്വകാര്യമേഖലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായവും സബ്സിഡികളും ലഭ്യമാവുകയും ഃ സർക്കാർ നയം സഹകരണ മേഖലയ്ക്കുള്ള ധനസഹായത്തിലും സബ്സിസിഡിയില കുറവ് വരുത്തുകയും അത് സഹകരണ മേഖലയിൽ അടിസ്ഥാന വികസനം സാങ്കേതിക വിദ്യ നവീകരണം എന്നിവ നടപ്പിലാക്കുന്നതിന് സാമ്പത്തിക ബുദ്ധിമു സൃഷ്ടിക്കുകയും ചെയ്യുന്നു.<br><br>അംഗങ്ങളുടെ ക്ഷേമത്തിനായി രൂപീകരിക്കുന സഹകരണ സംഘങ്ങൾ ലാഭം ഉണ്ടാക്കു എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്വകാര |

| | | | |
|---|---|---|---|
| | | | മേഖലയോട് മൽസരിക്കുമ്പോൾ അതിന്റെ ഉദ്ദേശ ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കുന്നതിന് നിർബന്ധിതമാകുന്നു.<br><br>സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം സഹകരണ മേഖലയിൽ അധിക നിയന്ത്രണ ഭാര അടിച്ചേൽപ്പിക്കുന്നു.<br><br>സഹകരണ മേഖലയ്ക്ക് ആവശ്യമാ നയപരമായ പിൻതുണയു ആധുനികവൽക്കരണത്തിനുള്ള സാമ്പത്തിക പ്രോത്സാഹനവും സർക്കാരിൽ നിന്നു ലഭിക്കാത്തത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകും.<br><br>സ്വകാര്യ മേഖലയിൽ നിന്നുള്ള കടുത്ത മൽസരം കാരണം സഹകരണ സ്ഥാപനങ്ങ അവയുടെ സാമൂഹ്യ സേവനം എന്ന ലക്ഷ്യത്തിൽ നിന്നും വ്യതി ചലിക്കുന്നതിനു അംഗങ്ങൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളും സേവനങ്ങളും അവർക്ക നൽകാൻ സാധിക്കാതെ വരുന്നതിനു കാരണമാകുന്നു. |
| (ബി) | സഹകരണ തത്വങ്ങൾക്ക് ആഘാതമുണ്ടാക്കുന്നതും സഹകരണ സ്ഥാപനങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നതുമായ ഏതൊരു നീക്കത്തിനെതിരെയും സഹകാരികളുടെ ജാഗ്രതയും ഇടപെടലുകളും ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിശദമാക്കാം,<br><br>ഇന്ത്യൻ ഭരണഘടനയിലെ 7 -ാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. കേന്ദ്ര സർക്കാർ 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായ ഭേദഗതി ചെയ്യുതിന് Multi State Co operative Societies (Amendment) ബിൽ കൊണ്ടുവരുകയും 2023 ഓഗസ്റ്റ് 3 ന് അത് നിയമമാകുകയും, സംസ്ഥാനങ്ങളിൽ യഥേഷ്ട സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയു ചെയ്തു.<br><br>മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം (ഭേദഗതി നിയമപ്രകാരവും 2023 ഫെബ്രുവരി മാസ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിലൂടെയു ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയു ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന 3 ദേശീയ മൾട്ടി സ്റ്റേറ്റ് കോ |

ഓപ്പറേറ്റീവ് സൊസൈറ്റികള
രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്
സൊസൈറ്റി

ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ
സീഡ് സൊസൈറ്റി

ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല
സഹകരണ സംഘം

ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ
സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങ
അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട
സംസ്ഥാനത്തെ സംഘങ്ങൾ മേൽപ്പറഞ്ഞ
മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വ
എടുക്കുന്നതിലൂടെ അത്തരം സംഘങ്ങള
നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള
സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു.

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി
നിയമത്തിൽ വരുത്തിയ ഭേദഗത
നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ
മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന
പ്രാഥമിക സംഘങ്ങൾ 'Bank, Banker
Banking' എന്നീ പദങ്ങൾ അവയുടെ
പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന
വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതു
ഇടപാടുകാർക്ക് ചെക്ക് പോലുള്ള
സൗകര്യങ്ങൾ
ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗത
പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ
Banking പ്രവർത്തനങ്ങൾ നടത്തുന്നതിന
നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank
എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ
മതിപ്പ് ഇല്ലാതാക്കാനും ആയത് വ
നിക്ഷേപത്തിൽ കുറവു വരുന്നതിനു
കാരണമാകും.

പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ
റെഗുലേഷൻ നിയമത്തിലെ സെക്ഷൻ-10 ലെ
വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള
സഹകരണ ബാങ്കുകൾക്കു
ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയ
വ്യവസ്ഥകൾ പ്രകാരം മാനേജിംഗ
ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയു

നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)യിലെ വ്യവസ്ഥക ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ ചെയർമാനെ നിയമിക്കുന്നതിനും, നീക്ക ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാ കേരള സഹകരണ സംഘം നിയമങ്ങൾക്കു ചട്ടങ്ങൾക്കും വിരുദ്ധമാണ്.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതി മൂല ജില്ലാ സഹകരണ ബാങ്കുകൾ, അർബന സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം Publi issue, private placement of share preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരി വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹര പിൻവലിക്കാനുള്ള അവസര ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

ബാങ്കിംഗ് നിയമത്തിലെ 36 AA നിയമ പ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും RBI– യ്ക്ക് അധികാരം നൽകുന്നുണ്ട്.

ആക്ടിന്റെ 56–ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20,24,26,45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ
പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകു
പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ
പ്രാഥമിക വായ്പ സഹകരണ സംഘങ്ങ
ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന
അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ
ബാങ്കുകളിൽ നിന്നും ആദായനികുത
ഈടാക്കണമെന്ന് കാണിച്ച് ആദായ നികുത
വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ഇര
സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയു
03.10.2019-ലെ സെൻട്രൽ ബാങ
കോൺഫറൻസിൽ വിഷയം അജണ്ടയിൽ
ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക
വിധേയമാക്കുകയും ടി നിയമഭേദഗതിക്കെതിരെ
കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ടെന
തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത
വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ
സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായ
11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര
ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര
കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് അന്നത്തെ
ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്ര
നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായ
ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നു
തന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ആദായ
നികുതി വകുപ്പിന്റെ നോട്ടീസിനെതിരെ
സംഘങ്ങൾ ബഹു.ഹൈക്കോടതിയെ
സമീപിച്ച് സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതുമാണ
194 N പ്രകാരം സംസ്ഥാനത്തെ സഹകരണ
സ്ഥാപനങ്ങളിൽ നിന്നും നികുത
ഈടാക്കുന്നത് തുടർ നടപടികള
സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാന
കൈക്കൊള്ളുന്നതിലേയ്ക്കായി സംസ്ഥാനത്തെ
സഹകാരികളേയും വിഷയം സംബന്ധിച
വിദഗദ്ധരേയും പങ്കെടുപ്പിച്ച് 03-02-2021ൽ ഒര
മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. തുടർന
ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ
അദ്ധ്യക്ഷതയിൽ 14.07.2021-ൽ ഒരു യോഗ
സംഘടിപ്പിക്കുകയും വിഷയത്തിൽ
നിയമപരമായി മാത്രമേ തുടർ നടപടികള
സ്വീകരിക്കാൻ കഴിയുകയുള്ളൂ എന
തീരുമാനത്തിൽ എത്തുകയും അഡ്വക്കേ
ജനറലിനോട് നിയമോപദേശം തേടുന്നതിന
തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ
നിയമപരമായി സ്വീകരിക്കേണ്ട നടപടികള
തീരുമാനിക്കുന്നതിനായി 15.05.2024-ൽ
ബഹു.അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ

| | | | |
|---|---|---|---|
| | | | അഡ്വക്കേറ്റ് ജനറലിന്റെ ചേമ്പറിൽ വച്ച് വകു സെക്രട്ടറി, നിയമ വിദഗ്ധർ സഹകരണസംഘം രജിസ്ട്രാർ, കേരളാ ബാങ് പ്രതിനിധി എന്നിവരെ പങ്കെടുപ്പിച്ച് ഒരു യോഗ വിളിച്ച് ചേർത്തിട്ടുള്ളതുമാണ്.<br><br>സഹകരണ തത്വങ്ങളിൽ അധിഷ്ഠിതമാ പ്രവർത്തന രീതിയിലൂടെ സുസ്ഥി വികസനത്തിന് പുതിയ ദിശാബോധ നൽകിക്കൊണ്ട് കേരളത്തിലെ സഹകരണ മേഖല വിവിധ സംരംഭങ്ങൾ, പരിപാടികൾ പദ്ധതികൾ എന്നിവയിലൂ ദശലക്ഷക്കണക്കിന് പൗരന്മാരുടെ ജീവിതത്തെ സ്വാധീനിക്കുകയും, നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ ഒര പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. എന്നാൽ സഹകരണ മേഖല ഒട്ടാകെ ക്രമക്കേടുകളാണെന്നുള്ള വ്യാജ പ്രചാരണങ്ങ നടക്കുകയും അതിന്റെ ഫലമായി സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ മന്ദഗതിയില ആകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇതിനെതിരെ വകുപ്പ് തല പ്രചാരണ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തി പിടിക്കുന്ന ബദൽ മാതൃകകളും ഉൽപാദനരംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പ്പുകളും പൊതുസമൂഹത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വിശദമാക്കാം,<br><br>കേരള മോഡൽ വികസന മാതൃകയു നട്ടെല്ലാണ് ഇവിടുത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസ മേഖലയിൽ കേരളം കൈവരിച്ച വലി നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട് കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും സ്വതന്ത്ര സമരത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക ശക്തമായ വേരോട്ടം ലഭിച്ചത സാധാരണക്കാർക്ക് ജോലിനൽകി ഉയർന്ന ജീവിത നിലവാരം പ്രദാനം ചെയ്യാനു സഹകരണ തത്വങ്ങളിൽ നിലയുറപ്പി ആഗോള മുതലാളിത്ത ശക്തികൾക്കു ഒര ബദലായും പ്രവർത്തിക്കാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല |

ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ല മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളു കയ്യൊപ്പ് കാണാൻ കഴിയും. സഹകരണ മേഖല കൈവരിച്ച പ്രധാന നേട്ടങ്ങ ചുവടുവയ്പുകളും ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 1 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പി "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തി ഒരൊറ്റ സ്ഥാപനമായിമാറുകയും കാർഷി വ്യവസായിക മേഖലകളുടെ വളർച്ചക്കായ വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരി നടപ്പിലാക്കുകയും ചെയ്യുന്നു.

സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖല ചൂക്ഷണം ചെയ്യുന്ന സാഹചര്യത്തിലാ ജനപങ്കാളിത്തോടെ സഹകരണ ആശുപത്ര സംഘങ്ങൾ കേരളത്തിൽ സജീവമായത കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത സഹകരണ മേഖല സ്തുത്യർഹമായ പങ്കാ വഹിച്ചുകൊണ്ടിരിക്കുന്നത്.

സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായ രൂപീകരിച്ച സഹകരണസംഘമാ സാഹിത്യപ്രവർത്തക സഹകരണസംഘ ക്ലിപ്തം നമ്പർ 2458.

കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിന് ഉതകുന്ന വായ്പ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷി വികസനത്തിനായിട്ടുള്ള വായ്പാ പദ്ധതിക എന്നിവ സഹകരണ കാർഷിക ഗ്രാ വികസന ബാങ്കുകൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുതകും വിധ സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാ ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkeral എന്ന ഏകീകൃത ബ്രാൻഡു

നടപ്പിലാക്കിയിട്ടുണ്ട്.

2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീ നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളു സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം.

സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന 450-ൽപ്പരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാര ഉറപ്പ് വരുത്തി coopkerala എന്ന ഏകീകൃ ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖ കെട്ടിപ്പടുത്തിയിരിക്കുകയാണ്.

സഹകരണ ഉൽപ്പന്നങ്ങളെ കൂടുതൽ ജനങ്ങളിലേക്ക് പരിചയപ്പെടുത്തുന്നതിനു കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനുമായ സഹകരണ വകുപ്പ് നടത്തിവരുന്ന സഹകരണ എക്സ്പോയിലൂടെയും ഡൽഹിയിൽ നടക്കുന്ന അന്തർദേശീയ ട്രേഡ് ഫെയറിലൂടെയു കഴിഞ്ഞിട്ടുണ്ട്.

സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങ പൊതുജനങ്ങൾക്കടക്കം പരിശോധനക്ക് ലഭ്യമാകുന്നതിനായി Co-operative Audi Monitoring & Information Systen **(CAMIS)**എന്ന ഡാഷ് ബോർഡ് സേവന [www.camis.kerala.gov.in](http://www.camis.kerala.gov.in)എന്ന പേജിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ ബാങ്കിന്റേയും 14 ജില്ലാ സഹകരണ ബാങ്കുകളുടേയും കോ ബാങ്കിംഗ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങള ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റ ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെടുകയു ഐ.റ്റി ഇന്റഗ്രേഷൻ പൂർത്തിയാക്കുകയു ചെയ്തിട്ടുണ്ട്.

ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകുന്ന ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായ ഉയർത്തിയിട്ടുള്ളതാണ്.

1969 ലെ സഹകരണസംഘം നിയമം വകു 56(1) സി ചട്ടം 53 എ പ്രകാരമാണ് കേര

സഹകരണ അംഗ സമാശ്വാസ നിധ
രൂപീകരിച്ചിട്ടുള്ളത്. സഹകരണ
സംഘങ്ങളിലെ ഗുരുതര രോഗം ബാധിച്ചവർക്ക
ധനസഹായം നൽകുന്നതിനാണ് ടി പദ്ധത
ആവിഷ്കരിച്ചിട്ടുള്ളത്.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവ
കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാ
എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നു
ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ
ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോ
കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ
വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന
പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘ
വായ്പാ പദ്ധതി.

കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർഥികളു
ഓൺലൈൻ പഠനം നടത്തുന്നതിനായ
സഹകരണ സംഘങ്ങളു
പ്രവർത്തനപരിധിയിൽ വരുന്ന അർഹരാ
വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുക
വാങ്ങുന്നതിനായി നടപ്പിലാക്കിയ പലി
രഹിത വായ്പ പദ്ധതിയാണ് വിദ്യാതരംഗിണ
എന്ന പദ്ധതി.

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങ
മുഖേന ചെറുകിട, വഴിയോര കച്ചവട
ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനു
ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായ
ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക
പ്രാരംഭ ചെലവുകൾ, മെയിന്റനൻ
എന്നിവയ്ക്കുമായി വായ്പാ നൽകുന്നതിനുമായ
'സഹായ ഹസ്തം' എന്ന വായ്പാ പദ്ധത
നടപ്പിലാക്കി വരുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്ക്
അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക
സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേ
"സഹകരണം സൗഹൃദം" എന്ന പേരിര
ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെ
വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങ
ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധത
നടപ്പാക്കിയിട്ടുണ്ട്.

ഗുണമേന്മയുള്ള സാന്ത്വന പരിചരണ
സഹകരണ മേഖലയിലൂടെ എന
ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളു

| | | | | |
|---|---|---|---|---|
| | | | | നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധത നടപ്പിലാക്കിയിട്ടുള്ളത്. |
| | | | | സഹകരണമേഖലയിലേയ്ക്ക് കൂടുതര യുവാക്കളെ ആകർഷിക്കുന്നതിനായി വിവിധ ജില്ലകളിലായി 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| | | | | സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ഒറ്റബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ് ഫോമിലേക്ക് കൊണ്ടുവരുന്ന പദ്ധതിയാണ് ഇ- കോമേഴ് പ്ലാറ്റ്ഫോംപദ്ധതി. |
| | | | | ഗിഗ് പ്ലാറ്റ് ഫോം വർക്കേഴ്സ്, ഓൺ ലൈന വിപണന ശൃംഖലയിലെ ജീവനക്കാര എന്നിവരുടെ സാമ്പത്തികവു സാമൂഹികവുമായ ഉന്നമന ലക്ഷ്യമാക്കിക്കൊണ്ട് സഹകരണ സംഘ രൂപീകരിക്കുന്ന പദ്ധതിയാണ് ഗിഗ് / പ്ലാറ് ഫോം വർക്കേഴ്സ് സഹകരണ സംഘം എറണാകുളം, തിരുവനന്തപുരം. |
| | | | | കേരളത്തിലെ തീരദേശ ജില്ലകളിലേയു ഉൾനാടൻ മത്സ്യബന്ധനം നടത്തുന മേഖലകളിലേയും മത്സ്യതൊഴിലാളികൾക്ക വായ്പ നൽകുന്നതിനായി സ്നേഹതീരം വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. |
| | | | | പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി 'കേര സഹകരണ സംഘം പുനരുദ്ധാരണ നിധ പദ്ധതി-2023 ' എന്ന പേരിൽ പദ്ധത നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| | | | | കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാന മുഴുവൻ പ്രവർത്തന പരിധിയായും Kerala State Artist & Artistes Co.operative Society Ltd No. 4506 (AARTICS) എന്നപേരിൽ കലാകാരൻമാരുടെ സഹകരണസംഘ 15.02.2022-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തന ആരംഭിച്ചിട്ടുണ്ട്. |
| | | | | സംസ്ഥാനത്തെ സഹകരണസംഘങ്ങ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷ നടപ്പിലാക്കുന്ന പദ്ധതി. ഈ പദ്ധതി പ്രകാര 410 സംഘങ്ങൾ, 608ഏക്കർ, 24 സെന |

സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായ ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 555 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാ കഴിഞ്ഞിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെൽകർഷക സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കു മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റ സിവിൽ സപ്ലൈസ് കോർപറേഷൻ വ സർക്കാർ നിയന്ത്രണത്തിൽ പൊ മാർക്കറ്റിൽ എത്തിക്കുക എന്ന ലക്ഷ്യത്തോ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) ഉ പാലക്കാട് ഒഴികെയുള്ള 13 ജില്ലകളി പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡ പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിം സഹകരണ സംഘം ക്ലിപ്തം നമ്പർ 450 (KAPCOS) എന്ന സഹകരണ സംഘ രൂപീകരിച്ചിട്ടുള്ളതാണ്.

എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്ക മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-2 വർഷം മുതൽ പട്ടികജാതി/ പട്ടികവർ സഹകരണ സംഘങ്ങൾക്ക് ധനസഹായ നൽകി വരുന്നു.

'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യ കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമാ സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധ സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധ നടപ്പിലാക്കി വരുന്നു.

ഗുണമേന്മയുള്ള സാന്ത്വന പരിചരണ സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളു നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധ നടപ്പിലാക്കിയിട്ടുള്ളത്.

സഹകരണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ യുവജന പങ്കാളിത്ത

ഉറപ്പാക്കുന്നതിനായി ഒരു ജില്ലയിൽ ഒന്നുവീത 14 ജില്ലകളിലായി 14 പട്ടികജാതി/പട്ടികവർ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

കാർഷിക അനുബന്ധ മേഖലകളുടെ മത്സ ക്ഷമതയും പ്രവർത്തന ക്ഷമതയു വർദ്ധിപ്പിക്കുന്നതിനായി, 2022-202 സാമ്പത്തിക വർഷംമുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠി കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative i Technology Driven Agriculture (CITA).

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന പരീക്ഷാ നടത്തിപ്പുകൾക്ക് നിലവിൽ അവലംബിച്ചുവരുന്ന നടപടിക സങ്കീർണ്ണമായതിനാൽ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവു ഫലപ്രദവും ആക്കുന്നതിന്റെ ഭാഗമായ സഹകരണ സ്ഥാപനങ്ങളിലെ നേരി നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ സംവിധാനം കാലാനുസൃതമായ പരിഷകരിക്കുന്നതിനായി ഒരു ഓൺലൈന സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന സമ്പദ്ഘടനയുടെ നട്ടെല്ലു കേരളത്തിലെ സാധാരണക്കാരുടെ പ്രധാന ആശ്രയവുമായ സഹകരണ മേഖലയിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിന് വിപുലമായ രീതിയിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാന തീരുമാനിച്ചു. ഇതിനായി മുൻ നിര ടിവ ചാനലുകളിലായി പരിപാടിയിലൂടെ സഹകരണ മേഖലയുടെ നേട്ടങ്ങളും വിജയഗാഥകള ജനങ്ങളിലേക്കെത്തിക്കുക, വകുപ്പ് നടപ്പിലാക്ക വരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങ ജനങ്ങളിലേയ്ക്ക് പരിചയപ്പെടുത്തുക, സഹകരണ മേഖലയുമായി ബന്ധപ്പെട്ട ജനങ്ങളു സംശയങ്ങളും ആശങ്കകളും ദൂരീകരിക്കു എന്നിവ ലക്ഷ്യം വെക്കുന്നു. ടെലിവിഷന പരിപാടി ആരംഭിക്കുന്നതിലേക്കായ പരിപാടിയുടെ രൂപം, ഘടന, ഉള്ളടക്ക എന്നിവയുമായി ബന്ധപ്പെട്ട് ചർ ചെയ്യുന്നതിന് സഹകരണ സംഘ രജിസ്ട്രാറുടെ അധ്യക്ഷതയിൽ പ്രമു സഹകാരികളുടെ യോഗം ഉടൻ ചേരുന്നതിന തീരുമാനിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ തുടങ്ങിയവർക്ക് പരസ്പരജാമ്യത്തിൽ നിശ്ചിത തുക വായ്പയായി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വിശദമാക്കാം,<br><br>സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരമാവധി 20000/- രൂപ വരെ വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി "സഹായ ഹസ്തം" എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 2949 വായ്പകളിലായി 5.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ